"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## ധനകാര്യ (സ്റ്റീം ലൈനിംഗ്) വകുപ്പ്

## സർക്കുലർ

നം. 84/2019/ധന

തീയതി,തിരുവനന്തപുരം 05.10.2019

വിഷയം :- ശുചീകരണ തൊഴിലാളികളുടെ സേവന വേതന കരാർ -- സംബന്ധിച്ച്.
സൂചന :- 25-11-2005 ലെ സ.ഉ(അച്ചടി) നം.501/2005/ധന-യും തുടർ ഉത്തരവുകളും.

എല്ലാ വകുപ്പുകളിലേയും ശുചീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാരെ അതാതു വകുപ്പുകളുടെ മാനദണ്ഡങ്ങൾക്കനുസൃതമായി നിയമിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായും, ഓഫീസും ചുറ്റുപാടുകളും വൃത്തിയായി സൂക്ഷിക്കുന്നതിനും സുരക്ഷ ഏർപ്പെടുത്തുന്നതിനുള്ള ജീവനക്കാരെ നിയമിക്കുന്നതും സംബന്ധിച്ച് എല്ലാ വകുപ്പ് തലവന്മാരും താഴെ പറയുന്ന നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. എല്ലാ വകുപ്പുകളിലേയും ശുചീകരണ ജോലികൾക്കായും സെക്യൂരിറ്റി ജോലികൾക്കായും കുടുംബശ്രീ, കെക്സ്കോൺ എന്നീ സ്ഥാപനങ്ങളുമായി വാർഷികാടിസ്ഥാനത്തിൽ ഉള്ള സേവന കരാറിൽ ഏർപ്പെടേണ്ടതാണ്.
2. ഇത്തരം സേവന കരാറുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ "ഓഫീസ് ചെലവുകൾ" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.
3. ഇത്തരത്തിൽ മേൽ സ്ഥാപനങ്ങളുമായി സേവന കരാറിൽ ഏർപ്പെടുന്നതിനാൽ താല്ക്കാലികമായി ജീവനക്കാരെ നിയമിക്കേണ്ടതില്ല.

**മനോജ് ജോഷി**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ /ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ തലവൻമാർക്കും

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Manju.C

സെക്ഷൻ ഓഫീസർ